പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 177

27.02.2017- ൽ
മറുപടിക്ക്

**മണപ്പള്ളി പോലീസ് ഔട്ട് പോസ്റ്റിന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ മണപ്പള്ളി പോലീസ് ഔട്ട് പോസ്റ്റിന്റെ പ്രവർത്തനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രാത്രി കാലങ്ങളിൽ ഇവിടെ പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും (സി) യും | കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മണപ്പള്ളിയിൽ ഔട്ട് പോസ്റ്റ് നിലവിലില്ല. എന്നാൽ ടി സ്ഥലത്ത് ഒരു എയ്ഡ് പോസ്റ്റ് പ്രവർത്തിച്ചു വരുന്നു. ഇവിടെ പരാതികൾ സ്വീകരിച്ച് അന്വേഷണത്തിനും തുടർനടപടികൾക്കുമായി കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചുകൊടുത്തു വരുന്നു. എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലില്ല. |
| (ബി) | പരാതികൾ സ്വീകരിക്കുന്നതിനും അവയിന്മേൽ വേഗത്തിൽ നടപടി സ്വീകരിക്കുന്നതിനും ഉള്ള സംവിധാനമുണ്ടോ ; വിശദീകരിക്കുമോ; | | |
| (സി) | പ്രസ്തുത ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷനായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ